ശുഭയാത്ര 2015

158(5747) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശുഭയാത്ര 2015 നടപ്പിലാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

കേരള സർക്കാരും കേരള പോലീസും ചേർന്ന് തുടക്കംകുറിച്ചിട്ടുള്ള 'ശുഭയാത്ര 2015' എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ട്രാഫിക് അപകടങ്ങൾ 25% കുറയ്ക്കുക, ഗുരുതര അപകടങ്ങൾ 20% കുറയ്ക്കുക, വിദ്യാർത്ഥികൾ, ബസ് ഡ്രൈവർമാർ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, ഇരുചക്ര വാഹന യാത്രക്കാർ തുടങ്ങിയവർക്കായി ട്രാഫിക് ബോധവത്കരണം നടത്തുക, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുക, ട്രാഫിക് നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നിവയാണ്. ഇതിലൂടെ കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ശുഭയാത്ര 2015 പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ ജൂൺ 2015 മുതലാണ് ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ വർഷാവസാനം മാത്രമേ ഇതിന്റെ ലക്ഷ്യപ്രാപ്തിയെക്കുറിച്ച് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

പുതിയ ഫയർ സ്റ്റേഷനുകൾ

159(5748) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി എവിടെല്ലാമാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കിളിമാനൂർ കേന്ദ്രമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വൈക്കം, കോന്നി, എരുമേലി, വേങ്ങര, പാനൂർ, ചവറ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും, വൈപ്പിൻ, തകഴി, അടിമാലി, കള്ളിക്കാട് എന്നിവിടങ്ങളിൽ മിനി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും തിരുവനന്തപുരം-ചാല, എറണാകുളം-ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട്-മിഠായി തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളും ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly